UNLICENSED TREES—TAPPING OF

238. മിസ്റ്റർ കെ. എസ്സ്. പണിക്കർ.—

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പണം അടക്കാത്ത വൃക്ഷങ്ങൾ വ്യാജമായി ചെത്തിച്ചുവരുന്നതായി ചാലക്കുടി റെയിഞ്ചു് എക്സൈസ്സു് സബ്ബു് ഇൻസ്പെക്ടർ അവർകളെ സംബന്ധിച്ചു അധികൃതന്മാർക്കു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടിയാണു് എടുത്തതു്;

(സി) ആക്ഷേപസംഗതികൾ എന്തെല്ലാം;

(ഡി) അതിനെ സംബന്ധിച്ചു നടത്തിയ അന്വേഷണത്തിന്റെ ഫലം എന്താണു്;

(ഇ) അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതു് ആരാണു്;

(എഫ്) പ്രസ്തുത ആക്ഷേപഹർജ്ജിയിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങൾ ഒഴിച്ചു വേറെ വൃക്ഷങ്ങൾ ഇതുപോലെ വ്യാജമായി ചെത്തിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുകയൊ അന്വേഷിപ്പിക്കുകയൊ ഉണ്ടായോ;

(ജി) അവിടത്തെ എക്സൈസ്സു് സബ്ബു് ഇൻസ്പെക്ടർ ആരാണു്?

മിസ്റ്റർ സി. ജെ. മാത്യു.—

(എ) അങ്ങിനെ ഒരു ആക്ഷേപം കിട്ടിയതായി യാതൊരു അറിവുമില്ല.

(ബി), (സി), (ഡി), (ഇ) & (എഫ്) ഉത്തരം ആവശ്യമില്ല.

(ജി) മിസ്റ്റർ സി. എൽ. തോമസ്സു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether after the receipt of this question by the office any enquiry with regard to (*b*) and (*f*) had been made?

Mr. C. J. Mathew *(Joint Secretary to Government):* No. There was no complaint at all to be enquired into.

Mr. C. V. Iyyu *(Kunnamkulam):* We find it difficult, on a matter of representation when the Excise Commissioner is absent, to put any more questions and get proper answers.

TODDY SHOP—MADAKKATHARA

239. മിസ്റ്റർ കെ. എസ്സ്. പണിക്കർ —

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മാടക്കാത്തു കള്ളുഷാപ്പു ലേലക്കാരൻ ഇപ്പോൾ ആരാണു്;

(ബി) അയാളുടെ ഷാപ്പിലേക്കു വൃക്ഷനികുതി (tree-tax) അടച്ചു ചെത്തിച്ചുവരുന്ന തെങ്ങുകൾക്കു മുദ്ര വെക്കാത്തതുമൂലം തൃശ്ശിവപേരൂർ താലൂക്കു സബ്ബു് ഇൻസ്പെക്ടർ അവർകൾ പിടിച്ചു കേസ്സാക്കിയിരിക്കുന്നു എന്നും തന്മൂലം വളരെ നഷ്ടം തനിക്കു നേരിട്ടിരിക്കുന്നു എന്നും മറ്റും ആ ഷാപ്പുലേലക്കാരൻ അധികൃതന്മാരുടെ അടുക്കൽ പരാതിപ്പെട്ടിട്ടില്ലേ;

(സി) ഉണ്ടെങ്കിൽ ആ കാര്യത്തിൽ കമ്മീഷണർ അവർകൾ എന്തൊക്കെയാണു് ചെയ്തതു്;

(ഡി) പ്രസ്തുത തെങ്ങുകൾക്കു മുദ്രവെക്കാത്ത കാരണത്താൽ തൃശ്ശിവപേരൂർ താലൂക്കു സബ്ബു് ഇൻസ്പെക്ടർ പിടിച്ചു കേസ്സാക്കുവാൻ പോകുന്നതായറിയുന്നു എന്നു് വടക്കെ സർക്കിൾ ഇൻസ്പെക്ടർ അവർകളെ ആരെങ്കിലും മുൻകൂട്ടി അറിയിച്ചിരുന്നുവോ;

(ഇ) താലൂക്കു സബ്ബു് ഇൻസ്പെക്ടർ അവർകളുടെ ഈ പ്രവൃത്തിമൂലം പ്രസ്തുത ഷാപ്പു സമസ്ഥനു് ഉദ്ദേശം എത്ര ഉറുപ്പിക നഷ്ടം നേരിട്ടിട്ടുണ്ടാകും;

(എഫ്) മാടാക്കാത്താലൂക്കിൽ പ്രത്യേകം നിയമിതരായിട്ടുള്ള താലൂക്കു സബ്ബു് ഇൻസ്പെക്ടർമാരുടെ പ്രധാന ജോലികൾ എന്തെല്ലാം?

മിസ്റ്റർ സി. ജെ. മാത്യു.—

(എ) പി. വി. കൃഷ്ണൻ, പൂമംഗലം, ഇരിങ്ങാലക്കുട & കാനാടി അന്തോണി, എടക്കുന്നി വില്ലേജു് തൃശ്ശിവപേരൂർ താലൂക്കു്.

(ബി) ഉണ്ടു്.

(സി) പ്രതിയേയും സാധനങ്ങളേയും വിട്ടുകൊടുത്തു.

(ഡി) ഇല്ല.

(ഇ) യാതൊരു നഷ്ടവും നേരിട്ടിട്ടില്ല.

(എഫ്) രാജ്യരക്ഷാനിയമപ്രകാരമായ കേസ്സുകൾ പിടിച്ചു റിപ്പോർട്ടു് ചെയ്യുന്നതു കൂടാതെ അബ്കാരി മുതലായ ആക്ടുകൾക്കു് വിരോധമായി പ്രവൃത്തിക്കുന്ന കേസ്സുകൾ പിടിക്കുന്നതിനും മറ്റും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്രാംദിവസമാണ് സാധനങ്ങളും മറവും വിട്ടുകൊടുത്തത്?

മിസ്റ്റർ സി. ജെ. മാത്യു: അന്നുതന്നെ വിട്ടുകൊടുത്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനെസംബന്ധിച്ച് വല്ല കേസുകളും ഉണ്ടായൊ?

മിസ്റ്റർ സി. ജെ. മാത്യു: കേസൊന്നും ഉണ്ടായില്ല. മുദ്രവെക്കാത്ത തെങ്ങു ചെത്തിയതിനു് അറസ്റ്റ് ചെയ്തു. പണമടച്ചിട്ടുള്ള വിവരം മനസ്സിലായപ്പോൾ വിട്ടുകൊടുക്കുകയുമുണ്ടായി.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ: ഷാപ്പുകാരനു് കള്ളുകിട്ടാതെ വന്നിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഷാപ്പുകാരനു് ചെത്തുവാൻ അധികാരമില്ലാത്ത, മുദ്രവെക്കാത്ത തെങ്ങു ചെത്തി. അതുകൊണ്ടാണു് ഇൻസ്പെക്ടർ പിടിച്ചതു്. പിടിച്ചതുകൊണ്ടു് കള്ളുകിട്ടാതെ വന്നിട്ടുണ്ടാകാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പണമടച്ചു് ഒരുമാസം കഴിഞ്ഞിട്ടല്ലെ മുദ്രവെച്ചതു്?

മിസ്റ്റർ സി. ജെ. മാത്യു: കുറച്ചു അധികം താമസം ഈ കാര്യത്തിൽ വന്നിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പണമടച്ചുകഴിഞ്ഞാൽ ചെത്തുവാൻ പാടില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല, മുദ്രവെക്കുന്നതിനുമുമ്പു ചെത്തിയാൽ അതു തെറ്റാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര ദിവസംകഴിഞ്ഞാണു് മുദ്രവെച്ചതു്?

മിസ്റ്റർ സി. ജെ. മാത്യു: കൃത്യം ദിവസം പറയുവാൻ നോട്ടീസ് വേണം

മിസ്റ്റർ കെ. എസ്സ് പണിക്കർ. ഒരു മാസത്തിൽ കൂടുതൽ ആയിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെ പിടിക്കുവാൻ വരുന്നുണ്ടെന്നസംഗതി ആദ്യംതന്നെ ഷാപ്പുടമസ്ഥൻ അവിടത്തെ സർക്കിൾ ഇൻസ്പെക്ടരെ അറിയിച്ചിട്ടില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഷാപ്പുകാരനു് ഇത്ര സംഖ്യ നഷ്ടമുണ്ടെന്നു് ഗവൺമെണ്ടിലേക്കു് ഹർജിയയച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know whether the case referred to in (*b*) is being prosecuted by the Excise Sub-Inspector of Trichur and whether the accused in the case referred to in clause (*c*) had been punished ?

Mr. C. J. Mathew *(Joint Secretary to Government)* : No, he is released.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Was the case, Sir, registered against him by the Department ?

Mr. C. J. Mathew *(Joint Secretary to Government)* : I do not know whether it was actually registered. But when the Excise Commissioner found out that as a matter of fact he had remitted tree-tax, he was released. No further action was taken.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : Was any action taken against the Sub-Inspector of Excise for having unnecessarily registered a case ?

Mr. C. J. Mathew *(Joint Secretary to Government)* : It was not unnecessary. The tapping of the tree before it was marked out for tapping by the Excise Department was an offence. In fact he had actually committed the offence. However, the Excise Commissioner took a lenient view and released him. The Excise Sub-Inspector's action was therefore perfectly correct.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know for how many days the contractor concerned was not able to tap the trees ?

Mr. C. J. Mathew *(Joint Secretary to Government)* : He seems to have been released the very same day he was arrested.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : My question Sir, is, are the Government aware that for a number of days the contractor concerned was not able to tap the trees ?

Mr. C. J. Mathew *(Joint Secretary to Government)*: I want notice to state the exact number of days.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : My question is, are the Government in a position to tell the House for how many days the contractor concerned was not able to tap the trees ?

LIBRARY ARCHIVES Kerala Legislative Assembly

Mr. President: Does the Hon'ble Member mean the interval between the payment of the money and the date on which the trees were marked for tapping. Otherwise I am afraid I don't follow the question.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I shall put it Sir, in a manner which can be followed. It is stated there in the answer that the Excise Commissioner leniently viewed the matter ? Was there any period during which the contractor concerned as a result of the action of the Sub-Inspector has been prevented from tapping the trees?

Mr. C. J. Mathew *(Joint Secretary to Government):* This is the position. After paying the tree-tax it took 1½ months for the license to be issued. Pending receipt of the license, he should not have tapped the trees before marking them.

NORTHERN DIVISION CIRCLE INSPECTOR

240. മിസ്റ്റർ കെ. എസ്സ്. പണിക്കർ —

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) എക്സൈസ്സ് വടക്കെ സർക്കിൾ ഇൻസ്പെക്ടർ ഫ ഫ ഫവു-ൽ അദ്ദേഹത്തിന്റെ സർക്കിളിലുള്ള ഓരോ റെയിഞ്ച് ആഫീസ്സ് എത്രപ്രാവശ്യംവീതം പരിശോധിച്ചിട്ടുണ്ടു;

(ബി) പ്രസ്തുത റെയിഞ്ച് ആഫീസ്സുകളും ഓരോന്നും അദ്ദേഹം ഫ ഫ ഫവു-ൽ എത്ര പ്രാവശ്യംവീതം സന്ദർശിച്ചിട്ടുണ്ടു;

(സി) പരിശോധിച്ച ഓരോ അവസരത്തിലും ഓരോ റെയിഞ്ച് ആഫീസുപരിശോധനക്ക എത്രദിവസംവീതം വിനിയോഗിച്ചിട്ടുണ്ടു;

(ഡി) വടക്കെ സർക്കിൾ ഇൻസ്പെക്ടർ ആഫീസും ഇപ്പോൾപേത്തർ റെയിഞ്ച് ആഫീസുംതമ്മിൽ എത്ര അകലമുണ്ടു?

മിസ്റ്റർ സി. ജെ. മാത്യു.—

(എ) രണ്ടുപ്രാവശ്യംവീതം.

(ബി) റെയിഞ്ചാഫീസുകളും പല പ്രാവശ്യവും സന്ദർശിച്ചിട്ടുണ്ടു. എന്നാൽ അപ്രകാരമുള്ള സന്ദർശനങ്ങളും പ്രത്യേകമായി രേഖപ്പെടുത്തീട്ടില്ല.

(സി) ഓരോ റെയിഞ്ചുകളും പരിശോധനക്കു രണ്ടിൽ കുറയാതേയും മൂന്നിൽ കൂടാതേയും ദിവസങ്ങൾ വേണ്ടിവന്നിട്ടുണ്ടു.

(ഡി) മേപ്പടി ആഫീസുകളും ഒരേ കെട്ടിടത്തിൽ ആകുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : "രേഖപ്പെടുത്തീട്ടില്ല" എന്നു പറഞ്ഞിരിക്കുന്നു.

Mr. C. J. Mathew *(Joint Secretary to Government):* There is no record to show how many times the Circle Inspector visited the Range Office. But he has inspected it twice during the course of the year.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സന്ദർശിച്ചിട്ടുള്ളതായി വല്ല രേഖയുമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: സന്ദർശിച്ചിട്ടുണ്ടു, എല്ലാ സന്ദർശനത്തിനും രേഖ വെക്കണമെന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സന്ദർശിച്ചിട്ടുണ്ടെന്നു ആർ പറയുന്നു?

മിസ്റ്റർ സി. ജെ. മാത്യു: സർക്കിൾ ഇൻസ്പെക്ടർ പറയുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനു രേഖയില്ലല്ലോ?

മിസ്റ്റർ സി. ജെ. മാത്യു: സന്ദർശിച്ചിട്ടുണ്ടോ ഇല്ലയൊ എന്നുള്ളതു് പലവിധത്തിലും എക്സൈസ് കമ്മീഷണർക്കു് അറിയുവാൻ സാധിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിലേക്കു് ടി. എ. ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: സർക്കിളിനു് ടി. എ. വാങ്ങിട്ടുണ്ടാകും.

PARVATHIAMS—DESIGNATION—CHANGE OF

241. Mr. C. V. Iyyu *(Kunnamkulam):*

Will Government be pleased to state.—

(*a*) whether Government has considered the desirability of changing the designation of "Parvathiam" into village officer or village Revenue officer or Adhigari as in British Malabar since the word "Pravarthi" has been changed as village by the time of last Land Revenue Settlement;

(*b*) whether there is any objection for Government to change the designation of "Parvathiam" as any other as suggested in (*a*);

LIBRARY ARCHIVES Kerala Legislative Assembly